# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

2019 നവംബർ 21, വ്യാഴം

## കാര്യവിവരപ്പട്ടിക

**1. ചോദ്യങ്ങൾ :**

പ്രത്യേക ലിസ്റ്റിൽ കൊടുത്തിട്ടുള്ള ചോദ്യങ്ങൾ ചോദിക്കുകയും അവയ്ക്ക് മറുപടി പറയുകയും ചെയ്യുന്നതാണ്.

**2. മന്ത്രിയുടെ പ്രസ്താവന :**

2019 നവംബർ 12 – ാം തീയതിയിലെ 339 – ാം നമ്പർ നക്ഷത്രചിഹ്നമിട്ട ചോദ്യത്തിന്റെ ഉത്തരത്തിൽ വന്ന പിശക് തിരുത്തിക്കൊണ്ട് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി ശ്രീ.ഇ.പി.ജയരാജൻ പ്രസ്താവന നടത്തുന്നതാണ്.

**3. ശ്രദ്ധക്ഷണിക്കൽ :**

(1) തലശ്ശേരി–മാഹി ബൈപാസിന്റെ നിർമ്മാണം ത്വരിതപ്പെടുത്തേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ.എ.എൻ.ഷംസീർ പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രിയുടെ ശ്രദ്ധക്ഷണിക്കുന്നതാണ്.

(2) കാലാവസ്ഥാ മുന്നറിയിപ്പിനെത്തുടർന്ന് തൊഴിൽ ദിനങ്ങൾ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് സഹായം ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ.എം.വിൻസെന്റ് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുന്നതാണ്.

**4. ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന :**

റീബിൽഡ് കേരള ഇനിഷ്യേറ്റീവ് സംബന്ധിച്ച്, മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ ചട്ടം 300 അനുസരിച്ച് ഒരു പ്രസ്താവന നടത്തുന്നതാണ്.

**5. ഗവൺമെന്റ് പ്രമേയങ്ങൾ (ചട്ടം 118):**

1. സംസ്ഥാനത്തെ മുഴുവൻ പ്രാഥമിക സഹകരണസംഘങ്ങൾക്കും ആദായനികുതി ഇളവ് ലഭ്യമാക്കാൻ കഴിയുന്ന വിധം കേന്ദ്ര ആദായ നികുതി നിയമത്തിൽ മതിയായ മാറ്റം കൊണ്ടുവരണമെന്ന പ്രമേയം സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ.കടകംപള്ളി സുരേന്ദ്രൻ അവതരിപ്പിക്കുന്നതാണ്.
(പ്രമേയത്തിന്റെ പകർപ്പ് പ്രത്യേകം വിതരണം ചെയ്തിട്ടുണ്ട്)

2. കരട് ദേശീയ വിദ്യാഭ്യാസ നയത്തിലെ നിർദ്ദേശങ്ങൾ കേരളത്തിലെ വിദ്യാഭ്യാസ മേഖലയിൽ ഉണ്ടാക്കാവുന്ന പ്രത്യാഘാതങ്ങളെ സംബന്ധിച്ച പ്രമേയം പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രൊഫ.സി.രവീന്ദ്രനാഥ് അവതരിപ്പിക്കുന്നതാണ്.
(പ്രമേയത്തിന്റെ പകർപ്പ് പ്രത്യേകം വിതരണം ചെയ്തിട്ടുണ്ട്)

**6. ചട്ടത്തിനുള്ള ഭേദഗതിയുടെ പരിഗണന :**

2019 സെപ്റ്റംബർ 18 – ാം തീയതിയിലെ ജി.ഒ.(പി) നം. 25/2019/പിഎൽജി. (എസ്.ആർ.ഒ.നം.655/2019) മുഖേന പുറപ്പെടുവിച്ചിട്ടുള്ള കേരള സ്റ്റേറ്റ് പ്ലാനിംഗ് സർവ്വീസ് (അമെന്റ്മെന്റ്) സ്പെഷ്യൽ റൂൾസ്, 2019–ന് ശ്രീ.അനൂപ് ജേക്കബ് നൽകിയ ഭേദഗതിയുടെ പരിഗണന.

(ഭേദഗതി നോട്ടീസ് പ്രത്യേകം വിതരണം ചെയ്തിട്ടുണ്ട്)

**7. സമയം ദീർഘിപ്പിക്കുന്നതിനുള്ള പ്രമേയം :**

സർഫാസി ആക്ട് പ്രകാരമുള്ള നടപടികൾ മൂലം സംസ്ഥാനത്തുളവായിട്ടുള്ള അവസ്ഥാവിശേഷത്തെക്കുറിച്ച് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായുള്ള അഡ്ഹോക് കമ്മിറ്റിയുടെ ചെയർമാനായ ശ്രീ.എസ്.ശർമ്മ കമ്മിറ്റിയുടെ റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള സമയം 2019 നവംബർ 21–ാം തീയതി വരെ ദീർഘിപ്പിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നതാണ്.

**8. റിപ്പോർട്ടുകളുടെ സമർപ്പണം :**

1. തൊഴിലും എക്സൈസും വകുപ്പുമന്ത്രിയും സബ്ജക്ട് കമ്മിറ്റി VIIന്റെ അദ്ധ്യക്ഷനുമായ ശ്രീ.റ്റി.പി.രാമകൃഷ്ണൻ സംസ്ഥാനത്തെ വാണിജ്യ വ്യവസായ സ്ഥാപനങ്ങൾക്കും ആശുപത്രികൾക്കും ഗ്രേഡിംഗ് നൽകുന്നത് സംബന്ധിച്ചും ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ/പാർപ്പിട/സുരക്ഷാ പ്രശ്നങ്ങൾ/ രജിസ്ട്രേഷൻ എന്നീ വിഷയങ്ങൾ സംബന്ധിച്ചുമുള്ള കമ്മിറ്റിയുടെ പ്രത്യേക റിപ്പോർട്ടുകൾ സമർപ്പിക്കുന്നതാണ്.
2. സർഫാസി ആക്ട് പ്രകാരമുള്ള നടപടികൾ മൂലം സംസ്ഥാനത്തുളവായിട്ടുള്ള അവസ്ഥാവിശേഷത്തെക്കുറിച്ച് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായുള്ള അഡ്ഹോക് കമ്മിറ്റിയുടെ ചെയർമാനായ ശ്രീ.എസ്.ശർമ്മ കമ്മിറ്റിയുടെ റിപ്പോർട്ട് സമർപ്പിക്കുന്നതാണ്.
3. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ ചെയർമാനായ ശ്രീ.കെ.സുരേഷ് കുറുപ്പ് കമ്മിറ്റിയുടെ നാൽപ്പത്തിരണ്ട് മുതൽ നാൽപ്പത്തിയേഴ് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നതാണ്.

**9. നിയമനിർമ്മാണകാര്യം :**

സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും :

(i) 2018 – ലെ കേരള മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ബിൽ

(ii) 2018 – ലെ കേരള കർഷക ക്ഷേമനിധി ബിൽ

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2019 നവംബർ 20.

എസ്.വി.ഉണ്ണികൃഷ്ണൻ നായർ,
സെക്രട്ടറി.

# FOURTEENTH KERALA LEGISLATIVE ASSEMBLY
## Sixteenth Session

*Thursday, November 21, 2019*

## LIST OF BUSINESS

**I. Questions:**

Questions entered in the separate list to be asked and answered.

**II. Statement by Minister:**

Shri.E.P.Jayarajan, Minister for Industries, Sports and Youth Affairs to make a statement correcting the answer given to Starred Question No.339 on November 12, 2019.

**III. Calling Attention:**

**(1)** Shri.A.N.Shamseer to call the attention of the Minister for Public Works and Registration to the necessity to accelerate the construction of Thalassery – Mahe bypass.

**(2)** Shri.M.Vincent to call the attention of the Minister for Fisheries, Harbour Engineering and Cashew Industry to the necessity to provide aid to fishermen who lose their labour days consequent to weather warning.

**IV. Statement under Rule 300:**

Shri. Pinarayi Vijayan, Chief Minister to make a statement under Rule 300, regarding the Rebuild Kerala Initiative.

**V. Government Resolutions (Rule 118):**

1.Shri.Kadakampally Surendran, Minister for Co-operation, Tourism and Devaswoms to move the Resolution to amend The Income Tax Act to get income tax relaxation to Primary Co – operative Societies in the State.

(copy of the resolution circulated separately)

2. Prof.C.Raveendranath, Minister for General Education to move the Resolution regarding the consequences which might be created by the provions in the draft National Education Policy in the Education sector of the State.

(copy of the resolution circulated separately)

**VI. Consideration of Amendment to Rule:**

Consideration of Amendment to the Kerala State Planning Service (Amendment) Special Rules, 2019 issued in G.O(P) No.25/2019/Plg dated 18.9.2019 (S.R.O No.655/2019) given notice of by Shri.Anoop Jacob.

(Amendment notice circulated separately)

**VII. Motion for Extension of Time:**

Shri.S.Sarma, Chairman, Ad hoc Committee to study and report the impact created consequent to the implementation of SARFAESI Act in the State, to move that the time for the presentation of the Report of the Committee be extended till November 21, 2019.

**VIII. Presentation of Reports :**

(i) Shri.T.P.Ramakrishnan, Minister for Labour and Excise and Chairman, Subject Committee VII to present the Special Reports of the Committee on The grading of commercial, industrial establishments and hospitals in the State and The health/housing/security issues and registration of labourers from other states.

(ii) Shri.S.Sarma, Chairman, Ad hoc Committee to study and report the impact created consequent to the implementation of SARFAESI Act in the State, to present the Report of the Committee.

(iii) Shri.K.Suresh Kurup, Chairman, Local Fund Accounts Committee to present the Forty Second to Forty Seventh Reports of the Committee.

**IX. Legislative Business :**

Motion for consideration and further stages of the following Bills as reported by the Select Committee:

(i) The Kerala Metropolitan Transport Authority Bill, 2018.

(ii) The Kerala Farmers' Welfare Fund Bill, 2018.

Secretariat of the Kerala Legislature, S.V.Unnikrishnan Nair,
Thiruvananthapuram, Secretary.
November 20, 2019.